# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 843 — 25.01.2018-ൽ മറുപടിക്ക്

## ഭൂരഹിതരായ ആദിവാസികൾക്ക് സ്വന്തമായി ഭൂമി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.എസ്.ശബരീനാഥൻ<br>,, അൻവർ സാദത്ത്<br>,, അനിൽ അക്കര<br>,, അടൂർ പ്രകാശ്: | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
| എ) | ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി നിലവിലുണ്ടോ; ഈ സർക്കാർ നിലവിൽ വന്നശേഷം പ്രസ്തുത പദ്ധതി പ്രകാരം എത്ര പേർക്ക് ആനുകൂല്യം അനുവദിച്ചു എന്ന് വ്യക്തമാക്കുമോ; | എ) | ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി വാങ്ങി നൽകുന്നതിനും പുനരധിവാസത്തിനും ഉള്ള പദ്ധതി പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 282 പേർക്ക് ഭൂമി വാങ്ങി നൽകുന്നതിന് ഫണ്ട് അനുവദിച്ച് നൽകിയിട്ടുണ്ട്. |
| ബി) | വനാവകാശ നിയമപ്രകാരം ഭൂമി വിതരണം ചെയ്തിട്ടുണ്ടോ; സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ വനഭൂമിയിൽ നിന്നും ഭൂമി നൽകുന്ന പദ്ധതി അനുസരിച്ച് ഇതിനകം എത്രപേർക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ട്; | ബി) | വനാവകാശ നിയമപ്രകാരം 31.12.2017 വരെ 25109 പേർക്ക് 33829 ഏക്കർ ഭൂമിയുടെ കൈവശാവകാശം നൽകിയിട്ടുണ്ട്. സുപ്രീം കോടതി വിതരണത്തിന് അനുമതി നൽകിയ നിക്ഷിപ്ത വനഭൂമിയിൽ നിന്നും ചുവടെ ചേർക്കും പ്രകാരം ഭൂമി അനുവദിച്ച് നൽകിയിട്ടുണ്ട്. |

| ജില്ല | കേന്ദ്ര സർക്കാർ വിതരണത്തിന് അനുമതി നൽകിയ നിക്ഷിപ്ത വനഭൂമിയിൽ നിന്നും വിതരണം ചെയ്ത ഭൂമിയുടെ അളവ് (ഏക്കറിൽ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കാസർഗോഡ് | 75 | 150 |
| കണ്ണൂർ | Nil | Nil |
| വയനാട് | 2688 | 1154 |
| മലപ്പുറം | 74.73 | 28 |
| പാലക്കാട് | 700 | 679 |
| **ആകെ** | **3537.73** | **2011** |

| | | | |
|---|---|---|---|
| സി) | അർഹരായ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും വീട് അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഈ സർക്കാർ നിലവിൽ വന്നശേഷം നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്; | സി) | ഭവനരഹിതരായി കണ്ടെത്തിയിട്ടുള്ള അർഹരായ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും വീട് അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ സർക്കാർ നിലവിൽ വന്ന ശേഷം 2016-17 സാമ്പത്തിക വർഷം 6709 വീടുകൾ പുതിയതായി അനുവദിച്ചിട്ടുണ്ട്. കൂടാതെ ഭൂമിയുള്ളതും ഭവനരഹിതരായി കണ്ടെത്തിയ 4395 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ലൈഫ് മിഷൻ പദ്ധതി മുഖേന വീടനുവദിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ഡി) | ആദിവാസി വിഭാഗങ്ങളിലെ ഭൂരഹിതർക്ക് മിച്ചഭൂമി, കാലാവധി കഴിഞ്ഞ പാട്ടഭൂമി എന്നിവ ഏറ്റെടുത്ത് വിതരണം ചെയ്യുന്നതിന് ഉദ്ദേശമുണ്ടോ;വിശദാംശം നൽകുമോ;റവന്യൂ വകുപ്പിന് ഇതുസംബന്ധിച്ച നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ;എങ്കിൽ അവരുടെ പ്രതികരണം വ്യക്തമാക്കുമോ? | ഡി) | ആദിവാസി വിഭാഗങ്ങളിലെ ഭൂരഹിതർക്ക് മിച്ചഭൂമി, കാലാവധി കഴിഞ്ഞ പാട്ടഭൂമി എന്നിവ ഏറ്റെടുത്ത് വിതരണം ചെയ്യുന്നതിന് ആദിവാസി പുനരധിവാസ വികസന മിഷൻ (ടി.ആർ.ഡി.എം) വഴി നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സുപ്രീം കോടതി വിധി പ്രകാരം ലഭ്യമാക്കിയ ഭൂമി വനം വകുപ്പിൽ നിന്നും ലഭ്യമാക്കി വിതരണം ചെയ്തുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ